# 057/2018-M

| | | | |
|---|---|---|---|
| **ചോദ്യ പുസ്തക അക്ഷര കോഡ്** | **A** | **ചോദ്യ പുസ്തക ക്രമ നമ്പർ** | |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 057/2018-M

Total Marks : 100 Marks

Time : 1 hour and 15 minutes

1. 'പ്രബലനം' ഏതു പഠന സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   (A) അനുബന്ധനം (B) വ്യവഹാരവാദം
   (C) പ്രവർത്തനാനുബന്ധനം (D) ശ്രമപരാജയ സിദ്ധാന്തം

2. വൈറ്റമിൻ C യുടെ മുഖ്യ ഉറവിടം
   (A) നെല്ലിക്ക (B) ഇറച്ചി
   (C) പയർ (D) മത്സ്യം

3. 'എമിലി' എന്ന ഗ്രന്ഥത്തിലൂടെ റൂസ്സോ ലോകത്തെ അറിയിച്ചത്
   (A) കുട്ടിയെക്കുറിച്ചുള്ള സങ്കല്പം
   (B) വിദ്യാഭ്യാസ സങ്കല്പം
   (C) അധ്യാപക സങ്കല്പം
   (D) പ്രകൃതിയെക്കുറിച്ചുള്ള സങ്കല്പം

4. സമസംഘങ്ങൾ സ്വാധീനം ചെലുത്തുന്ന പ്രായഘട്ടം
   (A) ശൈശവം (B) ബാല്യം
   (C) കൗമാരം (D) യൗവ്വനം

5. പൗരാണിക അനുബന്ധന രീതി കണ്ടെത്തിയ റഷ്യൻ മനഃശാസ്ത്രജ്ഞൻ
   (A) പിയാഷെ (B) പാവ്‌ലോവ്
   (C) സ്കിന്നർ (D) വാട്സൺ

6. UNICEF രൂപീകരിച്ച വർഷം
   (A) 1945 (B) 1946
   (C) 1947 (D) 1948

7. 'വിദ്യാസമ്പന്നരായ സ്ത്രീകൾ കുടുംബത്തിന് മഹാമാരി ബാധപോലെയാണ്' ഇങ്ങനെ അഭിപ്രായപ്പെട്ട ദാർശിനികൻ
   (A) റൂസ്സോ (B) കോമേനിയസ്
   (C) ജോൺ ഡ്യൂയി (D) പൗലോഫ്രെയർ

8. 'അനോഫിലിസ്' കാരണമാകുന്ന രോഗം

(A) മസ്തിഷ്ക ജ്വരം
(B) ചിക്കുൻഗുനിയ
(C) ഡെങ്കിപ്പനി
(D) മലമ്പനി

9. കുട്ടികളിലെ വായനാ വൈകല്യം

(A) ഡിസ്‌ലെക്‌സിയ
(B) ഓട്ടിസം
(C) ഡിസ്ഗ്രാഫിയ
(D) ജല്പനം

10. നഴ്സറി സ്കൂൾ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നത്

(A) വായനാശേഷി വികാസം
(B) ലേഖനശേഷി വികാസം
(C) പഠനശേഷി വികാസം
(D) സൂക്ഷ്മപേശീ വികാസം

11. കളിയിലൂടെ പ്രധാനമായും കുട്ടിയ്ക്ക് ലഭിക്കുന്നത്

(A) യുക്തി ചിന്തനം
(B) ഇന്ദ്രിയാനുഭവം
(C) വൈജ്ഞാനിക വികാസം
(D) അച്ചടക്കം

12. കോൾ ബർഗ് ശ്രദ്ധചെലുത്തിയ മേഖല

(A) ചാലക വികാസം
(B) സാമൂഹിക വികാസം
(C) നൈതിക വികാസം
(D) വൈകാരിക വികാസം

13. അന്തർദേശീയ ഏജൻസി അല്ലാത്തത് ഏത്?

(A) NCERT
(B) UNICEF
(C) WHO
(D) UNESCO

14. വികസനാരംഭം തുടങ്ങുന്നത്

(A) ശൈശവത്തിൽ
(B) കൗമാരത്തിൽ
(C) ഗർഭാവസ്ഥയിൽ
(D) ബാല്യത്തിൽ

15. ക്ഷയ രോഗാണു

(A) ബോർഡെറ്റല്ലെ
(B) കോണി ബാക്ടീരിയം
(C) മൈക്സോ വൈറസ് പരോട്ടിറ്റിസ്
(D) മൈക്രോ ബാക്ടീരിയം ട്യൂബർകുലെ

16. പ്രീ-സ്കൂളിനിണങ്ങുന്ന മൂല്യ നിർണ്ണയ ഉപാധി

(A) ചോദ്യങ്ങൾ ചോദിക്കുന്നത്
(B) വായിപ്പിക്കൽ
(C) നിരീക്ഷിക്കൽ
(D) എഴുതിപ്പിക്കൽ

17. പ്രത്യാവർത്തന ശേഷിയുണ്ടാവുന്ന കാലഘട്ടം

(A) ഇന്ദ്രിയ ചാലകം
(B) രൂപാത്മക മനോവ്യാപാര ചിന്തനം
(C) മനോവ്യാപാരപൂർവ്വ ചിന്തനം
(D) ഔപചാരിക മനോവ്യാപാരം

18. 'പരുവപ്പെടുത്തൽ' എന്ന ആശയം അവതരിപ്പിച്ച മനഃശാസ്ത്രജ്ഞൻ

(A) പാവ്‌ലോവ്
(B) സ്കിന്നർ
(C) വാട്സൺ
(D) തോണ്ടൈക്ക്

19. ശിശുക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി അല്ലാതെ പ്രവർത്തിക്കുന്ന ഏജൻസി

(A) CARE
(B) C.S.W.B.
(C) N.C.T.E
(D) NIPCCD

20. പരിതോവസ്ഥയുമായി ഇടപഴുകുന്നതിന്റെ ഫലമായി ജ്ഞാതൃ ഘടനയിൽ സ്വാംശീകരിക്കപ്പെടുന്ന വൈജ്ഞാനികാംശങ്ങൾ

(A) സ്കീം
(B) സ്കീമ
(C) ബിംബം
(D) പ്രതീകം

21. കുട്ടിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായ പ്രകടനം വിദ്യാഭ്യാസ ലോകത്തിൽ ആവേശം വിതറി. ആരുടെ അഭിപ്രായമാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

(A) റൂസ്സോ
(B) ഡ്യൂയി
(C) പെസ്റ്റലോസി
(D) ഫ്രോബൽ

22. പോളിയോ തുള്ളി മരുന്ന് എത്ര തവണ കുഞ്ഞുങ്ങൾക്ക് നല്കണം ?

(A) 7 പ്രാവിശ്യം
(B) 3 പ്രാവിശ്യം
(C) 5 പ്രാവിശ്യം
(D) 6 പ്രാവിശ്യം

23. ആഹാരത്തിലൂടെയും ജലത്തിലൂടെയും പകരുന്ന രോഗം

(A) മണ്ണൻ
(B) മഞ്ഞപ്പിത്തം
(C) ടെറ്റനസ്
(D) ചിക്കൻപോക്സ്

24. 'ഫ്രഞ്ച് വിപ്ലവം' സ്വാധീനം ചെലുത്തിയ വിദ്യാഭ്യാസ ദാർശനികൻ

(A) പൗലോഫ്രെയർ
(B) ഗാന്ധിജി
(C) റൂസ്സോ
(D) ടാഗോർ

25. Z.P.D എന്ന ആശയം വികസിപ്പിച്ച മനഃശാസ്ത്രജ്ഞൻ

(A) ബ്രൂണർ

(B) വൈഗോട്സ്കി

(C) പിയാഷെ

(D) കൊയ്ലർ

26. പ്രശ്നോന്നിത വിദ്യാഭ്യാസത്തിൽ പഠിതാവ്

(A) അറിവിന്റെ സംഭരണി

(B) സംവാദങ്ങളെ നിരാകരിക്കുന്നു

(C) നിഷ്ക്രിയനാണ്

(D) പഠന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു

27. ഒരു പ്രായോഗിക വാദി

(A) ജോൺ ഡ്യൂയി

(B) ഫ്രോബൽ

(C) റൂസ്സോ

(D) കൊമേനിയസ്

28. Heuristic Method ന്റെ അടിസ്ഥാനം

(A) സംവാദം

(B) ചർച്ച

(C) അന്വേഷണം

(D) നിരീക്ഷണം

29. ശിശുവിന്റെ വികാസത്തെ സ്വാധീനിക്കുന്ന ഘടകം

(A) സമസംഘം

(B) പര്യാവരണം

(C) സമൂഹം

(D) അധ്യാപകർ

30. അംഗൻവാടികളുടെ ചുമതലയുള്ള വകുപ്പ്

(A) ഗ്രാമവികസന വകുപ്പ്

(B) പട്ടികജാതി ക്ഷേമ വകുപ്പ്

(C) വിദ്യാഭ്യാസ വകുപ്പ്

(D) സാമൂഹ്യക്ഷേമ വകുപ്പ്

31. ജ്ഞാന നിർമ്മിതിവാദി എന്നറിയപ്പെടുന്ന വിദ്യാഭ്യാസ ദാർശനികൻ

(A) പെസ്റ്റലോസി

(B) ജോൺ ഡ്യൂയി

(C) പൗലോഫ്രെയർ

(D) ഫ്രോബൽ

32. അധ്യാപിക ഗ്രോമ സേവികയും സാമൂഹ്യ പ്രവർത്തകയുമായിരിക്കണമെന്ന് പ്രസ്താവിച്ചത്

(A) ടാഗോർ

(B) വിവേകാനന്ദൻ

(C) താരാബായ് മോദക്

(D) ഗാന്ധിജി

33. ഭാഷാശാസ്ത്രജ്ഞൻ എന്നറിയപ്പെടുന്നത്

(A) അഡ്ലർ (B) ബ്രൂണർ
(C) നോം ചോംസ്കി (D) പിയാഷെ

34. കാഴ്ചശക്തിയ്ക്കുവേണ്ട ജീവകം

(A) ജീവകം A (B) ജീവകം B
(C) ജീവകം C (D) ജീവകം D

35. ലേഖനശേഷിയെ സഹായിക്കുന്ന പ്രവർത്തനം

(A) അഭിനയഗാനം (B) ചിത്രംവര
(C) കഥ എഴുതൽ (D) റോൾ പ്ലേ

36. 'നെഗറ്റീവ് എഡ്യൂക്കേഷന്റെ' വക്താവ്

(A) ഗാന്ധിജി (B) ഫ്രോബൽ
(C) റൂസ്സോ (D) ജോൺ ഡ്യൂയി

37. വ്യവഹാരവാദത്തിന്റെ മുഖ്യ പോരായ്മ

(A) ജന്തുക്കളിൽ നടത്തിയ പരീക്ഷണം
(B) മാനസിക പ്രക്രിയകളോടുള്ള അവഗണന
(C) ചേഷ്ടകൾക്ക് നല്കിയ പ്രാധാന്യം
(D) ചോദക പ്രതികരണ ബന്ധം

38. ഉൾക്കാഴ്ചാ സിദ്ധാന്തത്തെ സ്വാധീനിക്കുന്ന ഘടകം

(A) പരിസ്ഥിതി (B) ചേഷ്ടകൾ
(C) അഭിലാഷതലം (D) അഭിപ്രേരണ

39. പെല്ലാഗ്ര എന്തിന്റെ അപര്യാപ്തതമൂലം ഉണ്ടാകുന്ന രോഗമാണ്?

(A) ജീവകം B (B) ജീവകം A
(C) ജീവകം $B_3$ (D) ജീവകം D

40. മനുഷ്യ ശരീരത്തിൽ എത്ര ശതമാനം ജലമാണ്?

(A) 50% (B) 60%
(C) 80% (D) 70%

41. എറിക് എച്ച്. എറിക്സൺ അവതരിപ്പിച്ച 'മുൻകൈയെടുക്കലും കുറ്റബോധവും' ഏത് പ്രായത്തെ സൂചിപ്പിക്കുന്നു ?

(A) 3 – 6 വയസ്സുവരെ
(B) 2 – 6 വയസ്സുവരെ
(C) 0 – 6 വയസ്സുവരെ
(D) 1 – 6 വയസ്സുവരെ

42. 3 H'ൽ ഉൾപ്പെടാത്തത് ?

(A) തല
(B) ഹൃദയം
(C) കൈ
(D) കാല്

43. സോഷ്യൽ കൺസ്ട്രക്റ്റിവിസത്തിന്റെ ഉപജ്ഞാതാവ്

(A) ബ്രൂണർ
(B) പിയാഷെ
(C) വൈഗോട്സ്കി
(D) സ്കിന്നർ

44. കിന്റർഗാർട്ടന്റെ സ്ഥാപകൻ

(A) റൂസ്സോ
(B) ഫ്രോബൽ
(C) ഡ്യൂയി
(D) കൊമേനിയസ്

45. 1 gm കൊഴുപ്പിൽ എത്ര കലോറി ഊർജ്ജം അടങ്ങിയിരിക്കുന്നു ?

(A) 5 കലോറി
(B) 9 കലോറി
(C) 6 കലോറി
(D) 7 കലോറി

46. സ്കൂളിൽ നടക്കുന്ന എല്ലാ പ്രധാന സംഭവങ്ങളും രേഖപ്പെടുത്തുന്ന രജിസ്റ്റർ

(A) ക്യാഷ് ബുക്ക്
(B) മൂവ്മെന്റ് രജിസ്റ്റർ
(C) ലോഗ് ബുക്ക്
(D) അക്വിറ്റൻസ് രജിസ്റ്റർ

47. സൂര്യപ്രകാശത്തിൽ നിന്നും ലഭിക്കുന്ന ജീവകം

(A) ജീവകം A
(B) ജീവകം B
(C) ജീവകം C
(D) ജീവകം D

48. നഗരപ്രദേശത്ത് നഴ്സറി സ്കൂൾ തുടങ്ങുവാൻ ആവശ്യമായ സ്ഥലം

(A) 15 cent
(B) 20 cent
(C) 25 cent
(D) 30 cent

49. പരിശീലനത്തിന്റെ പ്രാധാന്യം സിദ്ധാന്തിച്ച മനഃശാസ്ത്രജ്ഞൻ

(A) പാവ്ലോവ്
(B) സ്കിന്നർ
(C) തോൺഡൈക്ക്
(D) പിയാഷെ

50. ഏകാകികളായ ശാസ്ത്രജ്ഞന്മാർ

(A) അധ്യാപകർ
(B) കുട്ടികൾ
(C) മാതാപിതാക്കൾ
(D) പ്രീ-സ്കൂൾ അധ്യാപകർ

51. പ്രതിരോധ കുത്തിവെയ്പിനൊപ്പം കുഞ്ഞിന് നല്കുന്ന വൈറ്റമിൻ

(A) വൈറ്റമിൻ A
(B) വൈറ്റമിൻ B
(C) വൈറ്റമിൻ C
(D) വൈറ്റമിൻ E

52. ആന്റി ബെറിബെറി വൈറ്റമിൻ എന്നറിയപ്പെടുന്നത്

(A) വൈറ്റമിൻ $B_1$
(B) വൈറ്റമിൻ $B_2$
(C) വൈറ്റമിൻ $B_3$
(D) വൈറ്റമിൻ $B_{12}$

53. 'Direct Object Teaching' എന്നതിലൂടെ പെസ്റ്റലോസി ഉദ്ദേശിച്ചത് :

(A) നേരിട്ടുള്ള പഠനം
(B) പരോക്ഷമായ പഠനം
(C) വസ്തുക്കൾ കാണിച്ചുകൊടുത്തുകൊണ്ടുള്ള പഠനം
(D) അമൂർത്തമായ പഠനം

54. കിന്റർ ഗാർട്ടന്റെ ഉദ്ദേശ്യങ്ങളിൽപ്പെടുന്നത്

(A) 3 R's
(B) 3 H's
(C) കളികൾ
(D) സ്വതന്ത്ര വളർച്ച

55. വായുവിലൂടെ പകരുന്ന ഒരു രോഗം

(A) പോളിയോ
(B) കോളറ
(C) വില്ലൻ ചുമ
(D) വയറിളക്കം

56. ശിശു വികസനത്തിന്റെ സാമാന്യ ക്രമം

(A) ചാലക വികാസം, സംവേദനം, ബുദ്ധി വികാസം
(B) ചാലക വികാസം, ബുദ്ധി വികാസം, സംവേദനം
(C) ചാലക വികാസം, വിളംബിത ചാലക വികാസം
(D) ചാലക വികാസം, വൈകാരികം, സാമൂഹികം

57. ഇരുമ്പിന്റെ അപര്യാപ്തതമൂലം ഉണ്ടാകുന്ന രോഗം
   (A) മരാസ്മസ്സ്   (B) മുണ്ടിനീര്
   (C) പ്രമേഹം   (D) അനീമിയ

58. 'അറിഞ്ഞതിൽനിന്ന് അറിയാത്തതിലേയ്ക്ക്' എന്ന ബോധനരീതിയുടെ ഉപജ്ഞാതാവ്
   (A) റൂസ്സോ   (B) കൊമേനിയസ്
   (C) ഗാർഡ്നർ   (D) ടാഗോർ

59. വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്ന കണ്ണി
   (A) P.T.A.   (B) M.P.T.A.
   (C) ICDS   (D) DIET

60. ജീവികളുടെ പ്രത്യേകതകൾ എല്ലാ വസ്തുക്കളിലും ആരോപിച്ചുകൊണ്ടുള്ള ചിന്തനം നടക്കുന്ന ഘട്ടം
   (A) ഇന്ദ്രിയ ചാലകം   (B) മനോവ്യാപാരപൂർവ്വ ചിന്തനം
   (C) രൂപാത്മക ചിന്തനം   (D) ഔപചാരിക മനോവ്യാപാരം

61. പ്രോജക്ട് പഠനരീതിയുടെ ഉപജ്ഞാതാവ്
   (A) ജോൺ ഡ്യൂയി   (B) ഫ്രെയർ
   (C) വിവേകാനന്ദൻ   (D) പെസ്റ്റലോസി

62. കുട്ടികൾ ശക്തരേയും കഴിവുള്ളവരേയും അനുകരിക്കുന്നു. ഈ സിദ്ധാന്തം കണ്ടെത്തിയത്
   (A) സള്ളിവൻ   (B) ആൽബർട്ട് ബന്ദൂര
   (C) നോം ചോംസ്കി   (D) പിയാഷെ

63. സമഗ്ര ശിശു വികസനം ലക്ഷ്യമാക്കിയിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി
   (A) CSWB   (B) ICCW
   (C) ICDS   (D) CARE

64. മാംസ്യത്തിന്റെ അഭാവത്താലുണ്ടാവുന്ന അപര്യാപ്തതാ രോഗം
   (A) ഡിഫ്ത്തീരിയ   (B) ക്വാഷിയോർക്കർ
   (C) ബെറിബെറി   (D) മണ്ണൻ

65. ഗസ്റ്റാൾട്ട് സിദ്ധാന്തത്തിന്റെ പ്രധാന ആശയം
   (A) പ്രബലനം   (B) ക്ഷേത്ര സിദ്ധാന്തം
   (C) വ്യവഹാരം   (D) ഉൾക്കാഴ്ച

66. G.B.S.K യുടെ സ്ഥാപക

(A) മരിയ മോണ്ടിസ്സോറി (B) റേച്ചൽ മാക്മില്ലൻ
(C) മാർഗരറ്റ് മാക്മില്ലൻ (D) താരാബായ് മോദക്

67. അനിയന്ത്രിത ശ്രദ്ധയിൽ നിന്ന് നിയന്ത്രിത ശ്രദ്ധയിലേക്ക് കുട്ടിയെ എത്തിക്കേണ്ടത്

(A) രക്ഷിതാക്കൾ (B) അധ്യാപകർ
(C) സുഹൃത്തുക്കൾ (D) മുതിർന്നവർ

68. ബുദ്ധിയ്ക്ക് ബഹുമുഖങ്ങളുണ്ടെന്ന് സിദ്ധാന്തിച്ചത്

(A) തേഴ്സ്റ്റൺ (B) സ്റ്റെൻബർഗ്
(C) ഹവാർഡ് ഗാർഡ്നർ (D) സ്പിയർമാൻ

69. സഹവർത്തിത പഠനത്തിന് ആവശ്യമായ ഘടകം

(A) ZPD (B) അനുഭവങ്ങൾ
(C) കൈത്താങ്ങ് (D) സഹപഠിതാക്കൾ

70. ബ്രൂണറുടെ പഠന സിദ്ധാന്തം

(A) ചാക്രികാരോഹണം (B) സ്കീമ
(C) സംസ്ഥാപനം (D) അനുബന്ധനം

71. ജീവകം K യിൽ അടങ്ങിയിരിക്കുന്ന രാസ വസ്തു

(A) അയഡിൻ (B) മയോസിൻ
(C) പ്രോത്രോബിൻ (D) തൈറോക്സിൻ

72. കണ രോഗത്തിനു കാരണമാകുന്നത്

(A) ജീവകം A യുടെ അപര്യാപ്തത (B) ജീവകം D യുടെ അപര്യാപ്തത
(C) ജീവകം C യുടെ അപര്യാപ്തത (D) ജീവകം K യുടെ അപര്യാപ്തത

73. പ്രീ-സ്കൂൾ ഭൗതികാന്തരീക്ഷം

(A) വിജനമായ പ്രദേശമായിരിക്കണം
(B) നഗര പ്രദേശത്തായിരിക്കണം
(C) പുല്ലുകൾ നിറഞ്ഞ പ്രദേശമായിരിക്കണം
(D) തുറസ്സായതും കാറ്റും വെളിച്ചവും ലഭിക്കുന്ന സ്ഥലം

74. നിരീക്ഷണശേഷി വളർത്തുന്ന ഒരു പ്രവർത്തനം
- (A) പ്രകൃതി നടത്തം
- (B) കഥവായന
- (C) പാട്ടുപാടൽ
- (D) കളിപ്രവർത്തനം

75. ആക്ടിവിറ്റി റൂമിന്റെ വലിപ്പം
- (A) 10 അടി നീളം 16 അടി വീതി
- (B) 20 അടി നീളം 18 അടി വീതി
- (C) 15 അടി നീളം 15 അടി വീതി
- (D) 16 അടി നീളം 12 അടി വീതി

76. വൈറ്റമിൻ A, വൈറ്റമിൻ D, വൈറ്റമിൻ E, വൈറ്റമിൻ K യുടെ ആഗിരണത്തിന് സഹായിക്കുന്ന പോഷക ഘടകങ്ങൾ
- (A) അന്നജം
- (B) മാംസ്യം
- (C) ധാതുക്കൾ
- (D) കൊഴുപ്പ്

77. 'ഡിഡാക്ടിക് ഉപകരണങ്ങൾ ഉപയോഗിച്ചുവേണം ശിശുക്കളെ പഠിപ്പിക്കേണ്ടത്.' ഇങ്ങനെ പറഞ്ഞത്
- (A) താരാബായ് മോദക്
- (B) ടാഗോർ
- (C) മരിയ മോണ്ടിസ്സോറി
- (D) വിവേകാനന്ദൻ

78. 2 വയസ്സുവരെ കുട്ടികളുടെ ചിന്തയും ഭാഷയും വേറിട്ടു സഞ്ചരിക്കുന്നു. ഇത് ആരുടെ കണ്ടെത്തലാണ്?
- (A) നോം ചോംസ്കി
- (B) ബ്രൂണർ
- (C) പിയാഷെ
- (D) വൈഗോട്സ്കി

79. MPTA-യിലെ പ്രധാന അംഗങ്ങൾ
- (A) മാതാപിതാക്കൾ
- (B) അധ്യാപകർ
- (C) അമ്മമാർ
- (D) വിദ്യാർത്ഥി പ്രതിനിധികൾ

80. ജീവിതാനുഭവങ്ങളിലൂടെ ലഭിക്കുന്ന വിദ്യാഭ്യാസം
- (A) ആനുഷംഗികം
- (B) നെഗറ്റീവ് വിദ്യാഭ്യാസം
- (C) ഔപചാരികം
- (D) അനൗപചാരികം

81. ഗാന്ധിജിയുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽപ്പെടുന്നത്
- (A) സംവേദനത്വം
- (B) സ്വാശ്രയത്വം
- (C) ഇന്ദ്രിയ പരിശീലനം
- (D) ഭാവനാ പരിശീലനം

82. ശ്രമപരാജയ സിദ്ധാന്തത്തിന്റെ മറ്റൊരു പേര്
- (A) അനുബന്ധന സിദ്ധാന്തം
- (B) പ്രബലനം
- (C) ബന്ധ സിദ്ധാന്തം
- (D) വ്യവഹാരവാദം

83. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രവാചകൻ

(A) ഗാന്ധിജി (B) കോമേനിയസ്

(C) ഫ്രെയർ (D) പെസ്റ്റലോസി

84. മുണ്ടിനീരുണ്ടാക്കുന്ന രോഗാണു

(A) ആൽഫാ വൈറസ് (B) റോട്ടാ വൈറസ്

(C) മിക്സോ വൈറസ് (D) കാർഡിയോ വൈറസ്

85. പ്രീ-സ്കൂൾ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടന

(A) CARE (B) Red Cross

(C) B.S.S. (D) NCTE

86. തുടർമൂല്യ നിർണ്ണയത്തിന് എറ്റവും അനുയോജ്യമായ രേഖ

(A) സഞ്ചിത രേഖ (B) ചെക്ക്ലിസ്റ്റ്

(C) ഉപാഖ്യാന രേഖ (D) നിരീക്ഷണ രേഖ

87. ജന്തുക്കളിലൂടെ പകരുന്ന രോഗം

(A) മഞ്ഞപ്പിത്തം (B) എലിപ്പനി

(C) ഡിഫ്ത്തീരിയ (D) വില്ലൻചുമ

88. ശിശുക്കളിൽ സാമൂഹിക വികസനത്തിനു നല്ലാവുന്ന പ്രവർത്തനം

(A) നിരീക്ഷണ പ്രവർത്തനം (B) നിർമ്മാണ പ്രവർത്തനം

(C) സംഘ പ്രവർത്തനം (D) കീറൽ, ഒട്ടിക്കൽ പ്രവർത്തനം

89. ലോകാരോഗ്യ ദിനം

(A) ഏപ്രിൽ 14 (B) ഏപ്രിൽ 20

(C) ഏപ്രിൽ 7 (D) മെയ് 10

90. പ്രീ-സ്കൂൾ മൂല്യനിർണ്ണയം എത്ര തരം ?

(A) രണ്ടു തരം (B) മൂന്നു തരം

(C) നാലു തരം (D) അഞ്ചു തരം

91. P.T.A. യുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായത്

(A) വാർഷിക മീറ്റിംഗ് (B) പ്രതിമാസ മീറ്റിംഗ്

(C) ദ്വിമാസ മീറ്റിംഗ് (D) മൂന്നു മാസത്തിൽ

92. അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട ദേശീയതല ഏജൻസി
(A) NCERT (B) ICCW
(C) NCTE (D) CSWB

93. പ്രീ-സ്കൂളിൽ വരാൻ താല്പര്യമുണ്ടാകുവാൻ ഒരു അധ്യാപിക ചെയ്യേണ്ടത്
(A) ചർച്ച ചെയ്യണം (B) കഥ പറയണം
(C) സൗഹൃദ സംഭാഷണം (D) ചോദ്യങ്ങൾ ചോദിക്കണം

94. തയാമിന്റെ അഭാവംമൂലമുണ്ടാകുന്ന രോഗം
(A) പ്ലേഗ് (B) പോളിയോ
(C) സ്കർവി (D) ബെറിബെറി

95. മസ്തിഷ്കത്തിന്റെ വളർച്ച പൂർത്തിയാവുന്ന പ്രായം
(A) 4 വയസ്സ് (B) 6 വയസ്സ്
(C) 7 വയസ്സ് (D) 8 വയസ്സ്

96. പ്രീ-സ്കൂൾ കുട്ടികൾക്ക് അനുയോജ്യമായ വിദ്യാഭ്യാസം
(A) ഔപചാരികം (B) അനൗപചാരികം
(C) ആനുഷംഗികം (D) അംഗൻവാടിയിലെ വിദ്യാഭ്യാസം

97. ഗസ്റ്റാൾട്ട് സൈദ്ധാന്തികർ പരീക്ഷണം നടത്തിയത്
(A) ചിമ്പൻസിയിൽ (B) നായയിൽ
(C) പൂച്ചയിൽ (D) എലിയിൽ

98. G.B.S.K. യുടെ പ്രാഥമിക പ്രവർത്തനങ്ങളിൽ ഒരെണ്ണം
(A) റോൾ പ്ലേ (B) പരിഹാരബോധന കേന്ദ്രങ്ങൾ
(C) കൂട്ടപ്പാട്ട് (D) കായിക വിദ്യാഭ്യാസം

99. ശിശുക്കളുടെ എല്ലുകൾ ദൃഢമാകാൻ സഹായിക്കുന്ന ഹോർമോൺ ഉല്പാദിപ്പിക്കുന്നത്
(A) പീയൂഷ ഗ്രന്ഥി (B) അഡ്രീനൽ ഗ്രന്ഥി
(C) തൈറോയ്ഡ് ഗ്രന്ഥി (D) പാൻക്രിയാസ്

100. ശിശുവിന് ദന്തം മുളയ്ക്കുന്നത്
(A) 3 മാസത്തിനും 6 മാസത്തിനുമിടയിൽ
(B) 9 മാസത്തിനും 10 മാസത്തിനുമിടയിൽ
(C) 10 മാസത്തിനും 11 മാസത്തിനുമിടയിൽ
(D) 11 മാസത്തിനും 12 മാസത്തിനുമിടയിൽ

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**